**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1929** **04-02-2026 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ 2016-17 മുതൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിൽ 2016-17 മുതൽ കായിക വകുപ്പ് നടപ്പിലാക്കിയതും, അനുവദിച്ചതുമായ വിവിധ പദ്ധതികൾ, അനുവദിച്ച തുക, തൽസ്ഥിതി എന്നിവ ചുവടെ ചേർക്കുന്നു.<br><br>**1. മാവേലിക്കരയിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ**<br><br>മാവേലിക്കര ലൈഫ് ഫിറ്റ്നസ് സെന്ററിന്റെ നിർമ്മാണം 1.17 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**2. പടനിലം നൂറനാട് ഗ്രാമ പഞ്ചായത്ത് കളിസ്ഥലം**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പടനിലം നൂറനാട് ഗ്രാമ പഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടറുടെ എം.എൽ.എ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതിയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയും ഉൾപ്പടെ 100 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 24.06.2025 തീയതിയിൽ 93,89,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s പ്രൈംടെക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനവുമായി 81,13,630/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 07.08.2025 കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാറുകാരന് 14.08.2025 ന് പ്രവൃത്തി ചെയ്യുന്നതിലേക്കായി സൈറ്റ് കൈമാറി നല്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ 96% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഗ്രൗണ്ട് വർക്കും, |

റീറ്റെയിനിംഗ് വാളും, ആർ. സി. സി. ബെൽറ്റ്, ഫ്ളെഡ് ലൈറ്റ് എന്നിവ പൂർത്തികരിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഫില്ലിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു. 2026 ഫെബ്രുവരി മാസം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കും.

**3. താമരക്കുളം ഗ്രാമപഞ്ചായത്ത് പച്ചക്കാട് കളിസ്ഥലം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന താമരക്കുളം ഗ്രാമപഞ്ചായത്ത് പച്ചക്കാട് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടറുടെ എം.എൽ.എ ഫണ്ട് വിഹിതമായി 20 ലക്ഷം രൂപയുടെ ഭരണാനുമതിയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 20 ലക്ഷം രൂപയും ഉൾപ്പടെ 40 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി നൽകിയിരുന്നു. ആയത് പ്രകാരം 12.08.2025 തീയതിയിൽ 37,56,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും, ടെൻഡർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. M/s പ്രൈംടെക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനവുമായി 32,16,783/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 27.10.2025-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രവൃത്തി ആരംഭിക്കുകയും നിലവിൽ 96% പ്രവൃത്തി പൂർത്തിയായിട്ടുമുണ്ട്. ആർ. ആർ. റീറ്റെയിനിംഗ് വാൾ, ഡ്രെയിനേജ്, ഫെൻസിംഗ്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഗ്രൗണ്ട് ലെവലിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു. ഫെബ്രുവരി മാസം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കും.

**4. തെക്കേകര ഗ്രാമപഞ്ചായത്ത് കളിസ്ഥലം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന തെക്കേകര ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ എം.എൽ.എ ഫണ്ട് വിഹിതമായി 23.40 ലക്ഷം രൂപയുടെ ഭരണാനുമതിയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 23.40 ലക്ഷം രൂപയും ഉൾപ്പടെ 46.80 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് കായിക യുവജനകാര്യ ഡയറക്ടർ നല്കിയിരുന്നു. ആയത് പ്രകാരം 12.08.2025 തീയതിയിൽ 43,98,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എൻ. വിജയൻ എന്ന കരാറുകാരനുമായി 34,66,817/- രൂപയ്ക്ക് (ജി.എസ്.റ്റി

ഒഴികെ) 25.09.2025 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. ഗ്രൗണ്ട് ഡെവലപ്മെൻറ്, ക്രിക്കറ്റ് പിച്ച് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹു. എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തിയ്ക്കായി ക്ലിയറിംഗ് പ്രവൃത്തി നടന്നു വരുന്നു.

**5. വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് കളിസ്ഥലം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ എം.എൽ.എ ഫണ്ട് വിഹിതമായി 36.33 ലക്ഷം രൂപയുടെ ഭരണാനുമതിയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 36.33 ലക്ഷം രൂപയും ഉൾപ്പടെ 72.66 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് കായിക യുവജനകാര്യ ഡയറക്ടർ നൽകിയിരുന്നു. ആയത് പ്രകാരം 12.08.2025 തീയതിയിൽ 68,25,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സുജിത് കുമാർ എസ്, കായംകുളം എന്ന കരാറുകാരനുമായി 56,64,000/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 18.10.2025 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ്. ഗ്രൗണ്ടിന്റെ അതിർത്തികൾ ഇതുവരെ പഞ്ചായത്ത് അളന്ന് തിട്ടപ്പെടുത്തി നല്കിയിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമെ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**6. പാലമേൽ ഗ്രാമപഞ്ചായത്ത് കളിസ്ഥലം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പാലമേൽ ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ എം.എൽ.എ ഫണ്ട് വിഹിതമായി 27.93 ലക്ഷം രൂപയുടെ ഭരണാനുമതിയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 27.93 ലക്ഷം രൂപയും ഉൾപ്പടെ 55.86 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് കായിക യുവജനകാര്യ ഡയറക്ടർ നൽകിയിരുന്നു. ആയതിൻ പ്രകാരം 12.08.2025 തീയതിയിൽ 52,46,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും, ടെൻഡർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ

നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സുജിത് കുമാർ എസ്, കായംകുളം എന്ന കരാറുകാരനുമായി 44,04,004/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 18.10.2025 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ്. ഗ്രൗണ്ടിന്റെ അതിർത്തികൾ ഇതുവരെ പഞ്ചായത്ത് അളന്ന് തിട്ടപ്പെടുത്തി നല്കിയിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമെ തുടർ നടപടികൾ സാധ്യമാകുകയുള്ളൂ.

**7. തഴക്കര ഗ്രാമ പഞ്ചായത്ത് - ഇറവങ്കര സ്റ്റേഡിയം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി തഴക്കര ഗ്രാമപഞ്ചായത്ത് ഇറവങ്കര ഗ്രൗണ്ട് നവീകരണ പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ എം.എൽ.എ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതിയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയും ഉൾപ്പടെ 100 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 11.01.2024 ന് കായിക യുവജനകാര്യ ഡയറക്ടർ നൽകിയിട്ടുണ്ട്. ആയത് പ്രകാരം 19.02.2024 തീയതിയിൽ 89,94,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് 09.03.2024 ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ ടി ഇ-ടെന്ററിൽ ആരും പങ്കെടുത്തിരുന്നില്ല. ആയതിനാൽ 29.04.2024, 13.05.2024 എന്നീ തീയതികളിൽ പുന:ദർഘാസുകൾ ക്ഷണിച്ചിരുന്നു. 13.05.2024 തീയതിയിൽ ലഭിച്ച ദർഘാസ് പ്രകാരം യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എൻ. വിജയൻ, ആലപ്പുഴ എന്ന കരാറുകാരനുമായി 79,73,000/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 02.08.2024 കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാറുകാരന് 12.08.2024 ന് സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. തുടർന്ന് സ്കൂളിന്റെ മെയിൻ ഗേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതർക്ക് അഭിപ്രായ വ്യത്യാസമുണ്ടായ സാഹചര്യത്തിൽ 23.11.2024 ന് ബഹു. എം. എൽ. എ. യുടെ സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് നടക്കുകയും ആയതിൽ മെയിൻ ഗേറ്റിന്റെ സ്ഥാനം മാറ്റി നിർദ്ദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ സ്ഥലത്ത് ഗേറ്റ് സ്ഥാപിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റ് മാറ്റേണ്ടതും, 10 ൽ അധികം മരങ്ങൾ മുറിച്ചു മാറ്റേണ്ടതുമുണ്ട്. ഇത് സംബന്ധിച്ച് സ്കൂൾ അധികൃതരെ വിവരം അറിയിക്കുകയും 27.11.2024-ൽ സ്കൂളിൽ നിന്നും പഞ്ചായത്തിലേയ്ക്കും, 06.01.2025 ൽ ജില്ലാ പഞ്ചായത്തിലേയ്ക്കും കത്തുകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അനുമതി

ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജൂൺ 30 ന് മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ആയതിനുശേഷം മഴ കാരണം ഗ്രൗണ്ട് വർക്കുകൾ തടസ്സപ്പെടുകയും, മെയിൻ എൻട്രൻസ് സ്ഥാനം നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം നേരിട്ടു. ബഹു. എം.എൽ.എ. സൈറ്റ് സന്ദർശിക്കുകയും പ്രവൃത്തിയിൽ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. നിലവിൽ 15% പ്രവൃത്തികൾ പൂർത്തീകരിച്ചു. സ്റ്റെപ്പ് ഗ്യാലറിയുടെ നിർമ്മാണം പൂർത്തീകരിച്ചു. സ്റ്റെപ്പ് ഗ്യാലറി ഒഴികെയുള്ള മറ്റ് പ്രവർത്തനങ്ങൾ സംബന്ധിച്ച് ബഹു. എം.എൽ.എ. യിൽ നിന്നും അന്തിമ തീരുമാനം ഇതുവരെ ലഭിച്ചിട്ടില്ല. ബഹു.എം.എൽ.എ.യുടെ അവലോകനയോഗത്തിൽ സ്കൂൾ അധികൃതരും ക്ലബ്ബ് സ്റ്റാഫുകളും സംയുക്തമായി യോഗം ചേരുമെന്ന് അറിയിച്ചിട്ടുണ്ട്. യോഗ തീരുമാനം ആയാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

8. **താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിൽ അടിസ്ഥാന സൗകര്യങ്ങളും വികസനവും**

2019 - 20 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആലപ്പുഴ മണ്ഡലത്തിലെ താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിന്റെ പ്രവൃത്തിക്ക് 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതനുസരിച്ച് മേൽ പ്രവൃത്തിയ്ക്ക് കരാറുകാരനായ ബി & ഐ കൺസ്ട്രക്ഷനുമായി കാരാറിൽ ഏർപ്പെടുകയും ചെയ്തു. 90 m 55m വിസ്തീർണ്ണമുള്ള നാചറൽ ടർഫ്, സ്റ്റെപ്പ് ഗ്യാലറി, ഓഫീസ്, ജിം, ഗ്രൗണ്ട് ഡെവലപ്മെന്റ്, ചുറ്റുമതിൽ, സമ്പ് ടാങ്ക്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്.

53% പ്രവൃത്തി പൂർത്തീകരിച്ചു. ജിം കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ്, സ്റ്റെപ് ഗ്യാലറി പ്ലാസ്റ്ററിംഗ്, ഗ്രൗണ്ട് ലെവലിംഗ് പ്രവൃത്തി, എർത്ത് ഫില്ലിംഗ് എന്നിവ പൂർത്തീകരിച്ചു. ഡ്രെയിനേജ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം - 90% പൂർത്തീകരിച്ചു, ഓഫീസ് കെട്ടിടത്തിന്റെ പ്ലംബിംഗ് വർക്കും ഡോറിന്റെ തടിപ്പണികളും, ഡ്രെയിനേജിന്റെ പ്രവൃത്തികളും പുരോഗമിക്കുന്നു. മഡ് ഫുട്ബോൾ ഗ്രൗണ്ട്, ബാക്കിയുള്ള എർത്ത് ഫില്ലിംഗ്, കെർബ്, ഇലക്ട്രിഫിക്കേഷൻ വർക്ക് എന്നിവ പൂർത്തീകരിക്കാനുണ്ട്.

പൂർത്തീകരിച്ച പ്രവൃത്തികളുടെ CC $1^{st}$ & പാർട്ട് ബില്ല് 25.10.2022 നും CC $2^{nd}$ & പാർട്ട് ബില്ല് 15.11.2023 നും സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ്

എഞ്ചിനീയർ അംഗീകരിച്ച് കായിക വകുപ്പ് മുഖേന എൽ. എസ്. ജി. ഡി. യിൽ സമർപ്പിച്ചിരുന്നുവെങ്കിലും എൽ എസ് ജി ഡി യിൽ നിന്നും ബിൽ തുക ലഭിക്കാനുള്ള കാലതാമസം കാരണം 13.02.2024 മുതൽ കരാറുകാരൻ പ്രവൃത്തി നിർത്തി വച്ചിരുന്നു.

04.05.2024 ൽ എം. എൽ. എ. യുമായി നടന്ന മീറ്റിംഗിൽ നിലവിലുള്ള എഗ്രിമെൻറ് ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന നാചുറൽ ടർഫ് മാറ്റി മഡ് കോർട്ട് ആക്കാനും യോഗത്തിൽ തീരുമാനം എടുത്തു. മഴ കാരണം പ്രവൃത്തി തടസ്സപ്പെട്ടിരുന്നു. പെന്റിംഗ് ബില്ല് കിട്ടിയതിനു ശേഷമാണ് കരാറുകാരൻ പ്രവൃത്തി പുനരാംരഭിച്ചത്. നിലവിൽ 65% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡ്രെയിനേജിന്റെ പ്രവൃത്തി, സ്റ്റെപ്പ് ഗ്യാലറി, ചുറ്റുമതിൽ, ഓഫീസ് & ജിം കെട്ടിടത്തിന്റെ (85%) പ്രവൃത്തി പൂർത്തീകരിച്ചു. ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തികളും, ഓഫീസ് കെട്ടിടത്തിന്റെ സീലിംഗ് പ്രവൃത്തികളും, ഫെൻസിംഗ് പ്രവൃത്തിയും പെയിൻറിംഗ് പ്രവൃത്തിയും ഇനി പൂർത്തീകരിക്കുവാനുണ്ട്. 15.03.2026 ന് പ്രവൃത്തി പൂർത്തീകരിക്കും.

9. **പഴഞ്ചിറക്കുളം സിമ്മിംഗ് പ്രാക്ടീസ് സെന്റർ, തഴക്കര ഗ്രാമപഞ്ചായത്ത്**

തഴക്കര ഗ്രാമപഞ്ചായത്ത് പഴഞ്ചിറക്കുളം സിമ്മിംഗ് പ്രാക്ടീസ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തിക്ക് 1 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. 93.89 ലക്ഷം രൂപയ്ക്ക് (GST ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. ഷിബുകുമാർ എസ് എസ്., തിരുവനന്തപുരം എന്ന കരാറുകാരനാണ് 85.33 ലക്ഷം രൂപയ്ക്ക് (GST ഒഴികെ) ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്.

ടി പദ്ധതിയിൽ 75m x70m സൈസിലുള്ള കുളത്തിന്റെ വശങ്ങളിലുള്ള സംരക്ഷണ ഭിത്തിയുടെ പുനർനിർമ്മാണം, കുളത്തിന്റെ അടിത്തട്ടിലുള്ള ചെളിമാറ്റി ആഴം കൂട്ടൽ, കുളത്തിന്റെ വശങ്ങളിൽ ഹാന്റ് റെയിൽ സ്ഥാപിക്കൽ, കുളത്തിലേക്ക് ഇറങ്ങുന്നതിനുള്ള പടവുകളുടെ നിർമ്മാണം, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയ ഘടകങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 6 മാസമാണ്.

23.08.2024 ന് സൈറ്റ് കരാറുകാരന് ഹാന്റ് ഓവർ ചെയ്തു. പ്രസ്തുത കുളത്തിന്റെ അടുത്തുള്ള കനാലിലെ

വെള്ളത്തിന്റെ ഒഴുക്ക് കാരണം പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം നേരിട്ടു. 08.12.2024 ൽ പ്രവൃത്തി ആരംഭിക്കുകയും നിലവിൽ 30% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. (കുളത്തിലെ ചെളി മുഴുവൻ നീക്കം ചെയ്തു.) മഴകാരണവും കാരാറുകാരന് പൂർത്തിയായ പ്രവൃത്തിയുടെ ബില്ല് തുക ലഭ്യമാകാത്തതും കാരണം പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. ഉടൻതന്നെ പ്രവൃത്തി പുനരാംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

10. **ചുനക്കര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം**

2023 - 24 ബഡ്ജറ്റിൽ ഉൾപ്പെട്ട ചുനക്കര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക് 1 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. 93.89 ലക്ഷം രൂപയ്ക്ക് (GST ഉൾപ്പെടെ) സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. എൻ. വിജയൻ, ആലപ്പുഴ എന്ന കരാറുകാരനാണ് 86.80 ലക്ഷം രൂപയ്ക്ക് (GSTഒഴികെ) ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്.

ടി പദ്ധതിയിൽ പ്രധാനമായും മൾട്ടി പർപ്പസ് മഡ് കോർട്ട് (36m x 55m), റീറ്റെയിനിംഗ് വാൾ (154 m), സ്റ്റെപ്പ് ഗ്യാലറി (53m), ഡ്രെയിനേജ്, ഫെൻസിംഗ്, നെയിംബോർഡ്, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 6 മാസമാണ്. 12.08.2024 ന് സൈറ്റ് കരാറുകാരന് ഹാൻറ് ഓവർ ചെയ്യുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത സ്ഥലത്തുകൂടി ഇലക്ട്രിക്ക് ലൈൻ കടന്ന് പോകുന്നത് കാരണം പ്രവൃത്തിയിൽ തടസ്സം നേരിട്ടു. ആയത് മാറ്റുന്നതു സംബന്ധിച്ച് എം. എൽ. എ. അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 28.07.2025 ൽ എം. എൽ. എ. യും, സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും, കെ. എസ്. ഇ. ബി. അധികൃതരും സൈറ്റ് സന്ദർശിക്കുകയും ഇലക്ട്രിക് ലൈൻ മാറ്റി കേബിൾ ഇടുന്നതിനുള്ള തീരുമാനം കെ. എസ്. ഇ. ബി. അറിയിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത പ്രവൃത്തി തീരുമാനം ആകാതിരുന്നതിനാൽ വീണ്ടും 10.01.2026 സ്പോർട്സ് കേരള ഉദ്യോഗസ്ഥരും, എം. എൽ. എ. യും സൈറ്റ് സന്ദർശിക്കുയും ചർച്ച ചെയ്യുകയും ഉണ്ടായി. തുടർന്ന് 17.01.2026 ൽ തടസ്സമായി നിന്നിരുന്ന ഇലക്ട്രിക്ക് പോസ്റ്റ് നീക്കം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | നിലവിൽ 45% പൂർത്തീകരിച്ചു. ഗ്രൗണ്ടിന്റെ കിഴക്കു ഭാഗത്തുള്ള കോൺക്രീറ്റ് റീറ്റെയിനിംഗ് വാളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.<br><br>ആർ. ആർ., ഡി. ആർ. റീറ്റെയിനിംഗ് വാൾ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>സ്റ്റെപ്പ് ഗ്യാലറിയുടെ പ്രവൃത്തി (70%) പൂർത്തീകരിച്ചു. ഫെൻസിംഗ് പ്രവൃത്തിയുടെ ഗ്രൗണ്ട് ഡെവലപ്പമെന്റ് പ്രവൃത്തിയും പുരോഗമിക്കുന്നു. 31.03.2026 ന് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കും. |
| (ബി) | മേൽപ്പറഞ്ഞ പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ തൽസ്ഥിതിയും വിശദമാക്കുമോ? | (ബി) | മാവേലിക്കര മണ്ഡലത്തിൽ 2016-17 മുതൽ കായിക വകുപ്പ് നടപ്പിലാക്കിയതും, അനുവദിച്ചതുമായ വിവിധ പദ്ധതികൾ, അനുവദിച്ച തുക, തൽസ്ഥിതി എന്നിവ ചുവടെ ചേർക്കുന്നു.<br><br>**1. മാവേലിക്കരയിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ**<br><br>മാവേലിക്കര ലൈഫ് ഫിറ്റ്നസ് സെന്ററിന്റെ നിർമ്മാണം 1.17 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**2. പടനിലം നൂറനാട് ഗ്രാമ പഞ്ചായത്ത് കളിസ്ഥലം**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പടനിലം നൂറനാട് ഗ്രാമ പഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടറുടെ എം.എൽ.എ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതിയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയും ഉൾപ്പടെ 100 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 24.06.2025 തീയതിയിൽ 93,89,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s പ്രൈംടെക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനവുമായി 81,13,630/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 07.08.2025 കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാറുകാരന് 14.08.2025 ന് പ്രവൃത്തി ചെയ്യുന്നതിലേക്കായി സൈറ്റ് കൈമാറി നല്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ 96% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഗ്രൗണ്ട് വർക്കും, റീറ്റെയിനിംഗ് വാളും, ആർ. സി. സി. ബെൽറ്റ്, ഫ്ളെഡ് ലൈറ്റ് എന്നിവ പൂർത്തികരിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഫില്ലിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു. 2026 |

| | | | |
|---|---|---|---|
| | | | ഫെബ്രുവരി മാസം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കും.<br><br>**3. താമരക്കുളം ഗ്രാമപഞ്ചായത്ത് പച്ചക്കാട് കളിസ്ഥലം**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന താമരക്കുളം ഗ്രാമപഞ്ചായത്ത് പച്ചക്കാട് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടറുടെ എം.എൽ.എ ഫണ്ട് വിഹിതമായി 20 ലക്ഷം രൂപയുടെ ഭരണാനുമതിയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 20 ലക്ഷം രൂപയും ഉൾപ്പടെ 40 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി നൽകിയിരുന്നു. ആയത് പ്രകാരം 12.08.2025 തീയതിയിൽ 37,56,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും, ടെൻഡർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. M/s പ്രൈംടെക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനവുമായി 32,16,783/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 27.10.2025-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രവൃത്തി ആരംഭിക്കുകയും നിലവിൽ 96% പ്രവൃത്തി പൂർത്തിയായിട്ടുമുണ്ട്. ആർ. ആർ. റീറ്റെയിനിംഗ് വാൾ, ഡ്രെയിനേജ്, ഫെൻസിംഗ്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഗ്രൗണ്ട് ലെവലിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു. ഫെബ്രുവരി മാസം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കും.<br><br>**4. തെക്കേകര ഗ്രാമപഞ്ചായത്ത് കളിസ്ഥലം**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന തെക്കേകര ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ എം.എൽ.എ ഫണ്ട് വിഹിതമായി 23.40 ലക്ഷം രൂപയുടെ ഭരണാനുമതിയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 23.40 ലക്ഷം രൂപയും ഉൾപ്പടെ 46.80 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് കായിക യുവജനകാര്യ ഡയറക്ടർ നല്കിയിരുന്നു. ആയത് പ്രകാരം 12.08.2025 തീയതിയിൽ 43,98,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എൻ. വിജയൻ എന്ന കരാറുകാരനുമായി 34,66,817/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 25.09.2025 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. ഗ്രൗണ്ട് ഡെവലപ്മെൻറ്, ക്രിക്കറ്റ് പിച്ച് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹു. |

എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തിയ്ക്കായി ക്ലിയറിംഗ് പ്രവൃത്തി നടന്നു വരുന്നു.

**5. വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് കളിസ്ഥലം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ എം.എൽ.എ ഫണ്ട് വിഹിതമായി 36.33 ലക്ഷം രൂപയുടെ ഭരണാനുമതിയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 36.33 ലക്ഷം രൂപയും ഉൾപ്പടെ 72.66 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് കായിക യുവജനകാര്യ ഡയറക്ടർ നൽകിയിരുന്നു. ആയത് പ്രകാരം 12.08.2025 തീയതിയിൽ 68,25,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സുജിത് കുമാർ എസ്, കായംകുളം എന്ന കരാറുകാരനുമായി 56,64,000/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 18.10.2025 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ്. ഗ്രൗണ്ടിന്റെ അതിർത്തികൾ ഇതുവരെ പഞ്ചായത്ത് അളന്ന് തിട്ടപ്പെടുത്തി നല്കിയിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമെ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**6. പാലമേൽ ഗ്രാമപഞ്ചായത്ത് കളിസ്ഥലം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പാലമേൽ ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ എം.എൽ.എ ഫണ്ട് വിഹിതമായി 27.93 ലക്ഷം രൂപയുടെ ഭരണാനുമതിയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 27.93 ലക്ഷം രൂപയും ഉൾപ്പടെ 55.86 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് കായിക യുവജനകാര്യ ഡയറക്ടർ നൽകിയിരുന്നു. ആയതിൻ പ്രകാരം 12.08.2025 തീയതിയിൽ 52,46,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും, ടെൻഡർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സുജിത് കുമാർ എസ്, കായംകുളം എന്ന കരാറുകാരനുമായി 44,04,004/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 18.10.2025 ൽ

കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ്. ഗ്രൗണ്ടിന്റെ അതിർത്തികൾ ഇതുവരെ പഞ്ചായത്ത് അളന്ന് തിട്ടപ്പെടുത്തി നല്കിയിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമെ തുടർ നടപടികൾ സാധ്യമാകുകയുള്ളൂ.

**7. തഴക്കര ഗ്രാമ പഞ്ചായത്ത് - ഇറവങ്കര സ്റ്റേഡിയം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി തഴക്കര ഗ്രാമപഞ്ചായത്ത് ഇറവങ്കര ഗ്രൗണ്ട് നവീകരണ പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ എം.എൽ.എ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതിയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയും ഉൾപ്പടെ 100 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 11.01.2024 ന് കായിക യുവജനകാര്യ ഡയറക്ടർ നൽകിയിട്ടുണ്ട്. ആയത് പ്രകാരം 19.02.2024 തീയതിയിൽ 89,94,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് 09.03.2024 ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ ടി ഇ-ടെന്ററിൽ ആരും പങ്കെടുത്തിരുന്നില്ല. ആയതിനാൽ 29.04.2024, 13.05.2024 എന്നീ തീയതികളിൽ പുന:ദർഘാസുകൾ ക്ഷണിച്ചിരുന്നു. 13.05.2024 തീയതിയിൽ ലഭിച്ച ദർഘാസ് പ്രകാരം യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എൻ. വിജയൻ, ആലപ്പുഴ എന്ന കരാറുകാരനുമായി 79,73,000/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 02.08.2024 കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാറുകാരന് 12.08.2024 ന് സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. തുടർന്ന് സ്കൂളിന്റെ മെയിൻ ഗേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതർക്ക് അഭിപ്രായ വ്യത്യാസമുണ്ടായ സാഹചര്യത്തിൽ 23.11.2024 ന് ബഹു. എം. എൽ. എ. യുടെ സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് നടക്കുകയും ആയതിൽ മെയിൻ ഗേറ്റിന്റെ സ്ഥാനം മാറ്റി നിർദ്ദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ സ്ഥലത്ത് ഗേറ്റ് സ്ഥാപിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റ് മാറ്റേണ്ടതും, 10 ൽ അധികം മരങ്ങൾ മുറിച്ചു മാറ്റേണ്ടതുമുണ്ട്. ഇത് സംബന്ധിച്ച് സ്കൂൾ അധികൃതരെ വിവരം അറിയിക്കുകയും 27.11.2024-ൽ സ്കൂളിൽ നിന്നും പഞ്ചായത്തിലേയ്ക്കും, 06.01.2025 ൽ ജില്ലാ പഞ്ചായത്തിലേയ്ക്കും കത്തുകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജൂൺ 30 ന് മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ആയതിനുശേഷം മഴ കാരണം ഗ്രൗണ്ട്

വർക്കുകൾ തടസ്സപ്പെടുകയും, മെയിൻ എൻട്രൻസ് സ്ഥാനം നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം നേരിട്ടു. ബഹു. എം.എൽ.എ. സൈറ്റ് സന്ദർശിക്കുകയും പ്രവൃത്തിയിൽ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. നിലവിൽ 15% പ്രവൃത്തികൾ പൂർത്തീകരിച്ചു. സ്റ്റെപ്പ് ഗ്യാലറിയുടെ നിർമ്മാണം പൂർത്തീകരിച്ചു. സ്റ്റെപ്പ് ഗ്യാലറി ഒഴികെയുള്ള മറ്റ് പ്രവർത്തനങ്ങൾ സംബന്ധിച്ച് ബഹു. എം.എൽ.എ. യിൽ നിന്നും അന്തിമ തീരുമാനം ഇതുവരെ ലഭിച്ചിട്ടില്ല. ബഹു.എം.എൽ.എ.യുടെ അവലോകനയോഗത്തിൽ സ്കൂൾ അധികൃതരും ക്ലബ്ബ് സ്റ്റാഫുകളും സംയുക്തമായി യോഗം ചേരുമെന്ന് അറിയിച്ചിട്ടുണ്ട്. യോഗ തീരുമാനം ആയാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

8. **താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിൽ അടിസ്ഥാന സൗകര്യങ്ങളും വികസനവും**

2019 - 20 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആലപ്പുഴ മണ്ഡലത്തിലെ താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിന്റെ പ്രവൃത്തിക്ക് 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതനുസരിച്ച് മേൽ പ്രവൃത്തിയ്ക്ക് കരാറുകാരനായ ബി & ഐ കൺസ്ട്രക്ഷനുമായി കാരാറിൽ ഏർപ്പെടുകയും ചെയ്തു. 90 m 55m വിസ്തീർണ്ണമുള്ള നാച്വറൽ ടർഫ്, സ്റ്റെപ്പ് ഗ്യാലറി, ഓഫീസ്, ജിം, ഗ്രൗണ്ട് ഡെവലപ്മെന്റ്, ചുറ്റുമതിൽ, സമ്പ് ടാങ്ക്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്.

53% പ്രവൃത്തി പൂർത്തീകരിച്ചു. ജിം കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ്, സ്റ്റെപ് ഗ്യാലറി പ്ലാസ്റ്ററിംഗ്, ഗ്രൗണ്ട് ലെവലിംഗ് പ്രവൃത്തി, എർത്ത് ഫില്ലിംഗ് എന്നിവ പൂർത്തീകരിച്ചു. ഡ്രെയിനേജ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം - 90% പൂർത്തീകരിച്ചു, ഓഫീസ് കെട്ടിടത്തിന്റെ പ്ലംബിംഗ് വർക്കും ഡോറിന്റെ തടിപ്പണികളും, ഡ്രെയിനേജിന്റെ പ്രവൃത്തികളും പുരോഗമിക്കുന്നു. മഡ് എടുബോൾ ഗ്രൗണ്ട്, ബാക്കിയുള്ള എർത്ത് ഫില്ലിംഗ്, കെർബ്, ഇലക്ട്രിഫിക്കേഷൻ വർക്ക് എന്നിവ പൂർത്തീകരിക്കാനുണ്ട്.

പൂർത്തീകരിച്ച പ്രവൃത്തികളുടെ CC 1st & പാർട്ട് ബില്ല് 25.10.2022 നും CC 2nd & പാർട്ട് ബില്ല് 15.11.2023 നും സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ അംഗീകരിച്ച് കായിക വകുപ്പ് മുഖേന എൽ. എസ്. ജി. ഡി. യിൽ സമർപ്പിച്ചിരുന്നുവെങ്കിലും എൽ എസ് ജി ഡി യിൽ നിന്നും ബിൽ തുക

ലഭിക്കാനുള്ള കാലതാമസം കാരണം 13.02.2024 മുതൽ കരാറുകാരൻ പ്രവൃത്തി നിർത്തി വച്ചിരുന്നു.

04.05.2024 ൽ എം. എൽ. എ. യുമായി നടന്ന മീറ്റിംഗിൽ നിലവിലുള്ള എഗ്രിമെൻറ് ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന നാച്ചറൽ ടർഫ് മാറ്റി മഡ് കോർട്ട് ആക്കാനും യോഗത്തിൽ തീരുമാനം എടുത്തു. മഴ കാരണം പ്രവൃത്തി തടസ്സപ്പെട്ടിരുന്നു. പെന്റിംഗ് ബില്ല് കിട്ടിയതിനു ശേഷമാണ് കരാറുകാരൻ പ്രവൃത്തി പുനരാംരഭിച്ചത്. നിലവിൽ 65% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡ്രെയിനേജിന്റെ പ്രവൃത്തി, സ്റ്റെപ്പ് ഗ്യാലറി, ചുറ്റുമതിൽ, ഓഫീസ് & ജിം കെട്ടിടത്തിന്റെ (85%) പ്രവൃത്തി പൂർത്തീകരിച്ചു. ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തികളും, ഓഫീസ് കെട്ടിടത്തിന്റെ സീലിംഗ് പ്രവൃത്തികളും, ഫെൻസിംഗ് പ്രവൃത്തിയും പെയിൻറിംഗ് പ്രവൃത്തിയും ഇനി പൂർത്തീകരിക്കുവാനുണ്ട്. 15.03.2026 ന് പ്രവൃത്തി പൂർത്തീകരിക്കും.

9. **പഴഞ്ചിറക്കുളം സ്വിമ്മിംഗ് പ്രാക്ടീസ് സെന്റർ, തഴക്കര ഗ്രാമപഞ്ചായത്ത്**

തഴക്കര ഗ്രാമപഞ്ചായത്ത് പഴഞ്ചിറക്കുളം സ്വിമ്മിംഗ് പ്രാക്ടീസ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തിക്ക് 1 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. 93.89 ലക്ഷം രൂപയ്ക്ക് (GST ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. ഷിബുകുമാർ എസ് എസ്., തിരുവനന്തപുരം എന്ന കരാറുകാരനാണ് 85.33 ലക്ഷം രൂപയ്ക്ക് (GST ഒഴികെ) ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്.

ടി പദ്ധതിയിൽ 75m x70m സൈസിലുള്ള കുളത്തിന്റെ വശങ്ങളിലുള്ള സംരക്ഷണ ഭിത്തിയുടെ പുനർനിർമ്മാണം, കുളത്തിന്റെ അടിത്തട്ടിലുള്ള ചെളിമാറ്റി ആഴം കൂട്ടൽ, കുളത്തിന്റെ വശങ്ങളിൽ ഹാന്റ് റെയിൽ സ്ഥാപിക്കൽ, കുളത്തിലേക്ക് ഇറങ്ങുന്നതിനുള്ള പടവുകളുടെ നിർമ്മാണം, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയ ഘടകങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 6 മാസമാണ്.

23.08.2024 ന് സൈറ്റ് കരാറുകാരന് ഹാന്റ് ഓവർ ചെയ്തു. പ്രസ്തുത കുളത്തിന്റെ അടുത്തുള്ള കനാലിലെ വെള്ളത്തിന്റെ ഒഴുക്ക് കാരണം പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം നേരിട്ടു. 08.12.2024 ൽ പ്രവൃത്തി ആരംഭിക്കുകയും നിലവിൽ 30%

പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. (കുളത്തിലെ ചെളി മുഴുവൻ നീക്കം ചെയ്തു.) മഴകാരണവും കാരാറുകാരന് പൂർത്തിയായ പ്രവൃത്തിയുടെ ബില്ല് തുക ലഭ്യമാകാത്തതും കാരണം പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. ഉടൻതന്നെ പ്രവൃത്തി പുനരാംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

10. **ചുനക്കര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം**

2023 - 24 ബഡ്ജറ്റിൽ ഉൾപ്പെട്ട ചുനക്കര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക് 1 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. 93.89 ലക്ഷം രൂപയ്ക്ക് (GST ഉൾപ്പെടെ) സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. എൻ. വിജയൻ, ആലപ്പുഴ എന്ന കരാറുകാരനാണ് 86.80 ലക്ഷം രൂപയ്ക്ക് (GSTഒഴികെ) ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്.

ടി പദ്ധതിയിൽ പ്രധാനമായും മൾട്ടി പർപ്പസ് മഡ് കോർട്ട് (36m x 55m), റീറ്റെയിനിംഗ് വാൾ (154 m), സ്റ്റെപ്പ് ഗ്യാലറി (53m), ഡ്രെയിനേജ്, ഫെൻസിംഗ്, നെയിംബോർഡ്, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 6 മാസമാണ്. 12.08.2024 ന് സൈറ്റ് കരാറുകാരന് ഹാൻറ് ഓവർ ചെയ്യുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത സ്ഥലത്തുകൂടി ഇലക്ട്രിക്ക് ലൈൻ കടന്ന് പോകുന്നത് കാരണം പ്രവൃത്തിയിൽ തടസ്സം നേരിട്ടു. ആയത് മാറ്റുന്നതു സംബന്ധിച്ച് എം. എൽ. എ. അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 28.07.2025 ൽ എം. എൽ. എ. യും, സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും, കെ. എസ്. ഇ. ബി. അധികൃതരും സൈറ്റ് സന്ദർശിക്കുകയും ഇലക്ട്രിക് ലൈൻ മാറ്റി കേബിൾ ഇടുന്നതിനുള്ള തീരുമാനം കെ. എസ്. ഇ. ബി. അറിയിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത പ്രവൃത്തി തീരുമാനം ആകാതിരുന്നതിനാൽ വീണ്ടും 10.01.2026 സ്പോർട്സ് കേരള ഉദ്യോഗസ്ഥരും, എം. എൽ. എ. യും സൈറ്റ് സന്ദർശിക്കുയും ചർച്ച ചെയ്യുകയും ഉണ്ടായി. തുടർന്ന് 17.01.2026 ൽ തടസ്സമായി നിന്നിരുന്ന ഇലക്ട്രിക്ക് പോസ്റ്റ് നീക്കം ചെയ്തിട്ടുണ്ട്.

നിലവിൽ 45% പൂർത്തീകരിച്ചു. ഗ്രൗണ്ടിന്റെ കിഴക്കു ഭാഗത്തുള്ള കോൺക്രീറ്റ് റീറ്റെയിനിംഗ് വാളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

| | | | |
|---|---|---|---|
| | | | ആർ. ആർ., ഡി. ആർ. റീറ്റെയിനിംഗ് വാൾ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>സ്റ്റെപ്പ് ഗ്യാലറിയുടെ പ്രവൃത്തി (70%) പൂർത്തീകരിച്ചു. ഫെൻസിംഗ് പ്രവൃത്തിയുടെ ഗ്രൗണ്ട് ഡെവലപ്പമെന്റ് പ്രവൃത്തിയും പുരോഗമിക്കുന്നു. 31.03.2026 ന് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ